പതിമൂന്നാം കേരള നിയമ സഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 108 12.06.2014 ൽ മറുപടിയ്ക്ക്

ഭക്ഷണ പദാർത്ഥങ്ങളുടെ വില പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.പി.കെ ബഷീർ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പാചകം ചെയ്ത ഭക്ഷണ പദാർത്ഥങ്ങളുടെ പരമാവധി വിൽപ്പന വില നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;<br><br>(സി) ഭക്ഷണ വിൽപ്പന കേന്ദ്രങ്ങളുടെ നിലവാരത്തെക്കുറിച്ചോ സൗകര്യങ്ങളെക്കുറിച്ചോ ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണത്തെയോ അളവിനെയോ കുറിച്ചോ യാതൊരു വ്യവസ്ഥയും നിയന്ത്രണവുമില്ലാതെ യഥേഷ്ടം വില ഈടാക്കുന്ന രീതി നിയന്ത്രിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (എ) യും (ബി) യും (സി)യും. ഉണ്ട്. പാചകം ചെയ്ത ഭക്ഷണ പദാർത്ഥങ്ങളുടെ പരമാവധി വിൽപ്പന വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഉള്ള അധികാരം നിലവിൽ പൊതുവിതരണ വകുപ്പിനില്ല. എന്നാൽ ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില വിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് വ്യവസ്ഥയുണ്ട്.<br>വില വിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാത്രമായും, പൊലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of prices by catering establishment) order പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു.<br>ഭക്ഷണം വിൽപ്പന നടത്തുന്ന കേന്ദ്രങ്ങളിൽ ഭക്ഷ്യ സുരക്ഷാ വിഭാഗം കൃത്യമായി പരിശോധന നടത്തുകയും വൃത്തിഹീനമായ സാഹചര്യത്തിൽ ആഹാരം പാചകം ചെയ്യുകയും വിൽക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ ജില്ലാ അധികാരികളുടെ നേതൃത്വത്തിൽ പ്രത്യേകം സ്ക്വാഡുകൾ രൂപീകരിച്ച് മിന്നൽ പരിശോധനകൾ നടത്തുകയും പോരായ്മകളുള്ള ഭക്ഷണ വിൽപ്പന കേന്ദ്രങ്ങളിൽ ആഹാര പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന വ്യക്തികളുടെ ശുചിത്വം, ആഹാരം പാചകം ചെയ്യാനുപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം, വെള്ളത്തിന്റെ ലഭ്യത, എന്നിങ്ങനെയുള്ള കാര്യങ്ങളിൽ പ്രധാനമായും പരിശോധന |

നടത്തുകയും അവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. സ്ഥാപനങ്ങളിലെ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തൽ നോട്ടീസ് കൊടുക്കുകയും ആവശ്യമെങ്കിൽ പിഴ ചുമത്തുകയും ചെയ്യാറുണ്ട്. നിലവാര തകർച്ചയുള്ള ഭക്ഷണ വിൽപ്പന കേന്ദ്രങ്ങൾ അടച്ചുപൂട്ടി തുടർന്ന് മെച്ചപ്പെടുത്തൽ നോട്ടീസ് നൽകി അതിൽ നിഷ്കർഷിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

ഹോട്ടലുകളിലെ സൗകര്യങ്ങളും നിലവാരവുമനുസരിച്ച് അവയെ തരംതിരിച്ച് വില നിയന്ത്രിക്കുന്നതിനായും ഏകീകരിക്കുന്നതിനായുമുള്ള നിയമ നിർമ്മാണത്തിന് വേണ്ടി ബിൽ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ